# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം
2013 ഫെബ്രുവരി 11, തിങ്കൾ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 393)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | 1481 മുതൽ 1592 വരെ |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | 1593 മുതൽ 1652 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി | 1653 മുതൽ 1770 വരെ |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | 1771 മുതൽ 1873 വരെ |

## സംസ്ഥാനത്തു നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

1481

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കെ. ജയചന്ദ്രൻ
,, റ്റി. വി. രാജേഷ്
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ൽ സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾ ഏതെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു പകരം സംസ്ഥാനത്തിന്റെ പ്രാദേശികാവശ്യങ്ങൾക്ക് അനുസൃതമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനുള്ള സ്വാതന്ത്ര്യം സംസ്ഥാനങ്ങൾക്ക് ലഭിക്കണമെന്ന്

കരുതുന്നുണ്ടോ;

(ഡി) സംസ്ഥാന പട്ടികയിൽപ്പെടുത്തിയിട്ടുള്ള എത്ര വിഷയങ്ങളിൽ ആണ് നിലവിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നത് എന്നറിയിക്കാമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>പ്രധാനമന്ത്രിയുടെ തൊഴിൽദാനപദ്ധതിയുടെ സംസ്ഥാനത്തെ പ്രവർത്തനം</u>

1482 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
'' എ.എം. ആരീഫ്
ശ്രീമതി. കെ.എസ്. സലീഖ
ശ്രീ. ബി.സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയുടെ സംസ്ഥാനത്തെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; പദ്ധതിയുടെ പ്രവർത്തന പുരോഗതിയെക്കുറിച്ച് വിശദമാക്കുമോ;

(ബി) കേരളത്തിൽ ഈ വർഷം പ്രയോജനപ്പെടുത്താമായിരുന്ന തുകയുടെ എത്ര ശതമാനം വിനിയോഗിക്കുകയുണ്ടായി; വിനിയോഗത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ പ്രധാന കാരണങ്ങളേയും കാരണക്കാരേയും കുറിച്ച് വിശദമാക്കാമോ;

(സി) കേന്ദ്ര ഫണ്ടിനു പുറമേ ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വിഭാവനം ചെയ്ത തുക എത്രയായിരുന്നു; ചെറുകിട സംരംഭങ്ങൾക്കുള്ള ബാങ്ക് വായ്പയ്ക്ക് സംരഭകർ നൽകേണ്ട ഉറപ്പ് സംബന്ധിച്ച് സർക്കാരും ബാങ്കുകളും എടുത്ത നിലപാട് എന്തായിരുന്നു;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ച മൊത്തം അപേക്ഷകൾ എത്രയായിരുന്നു; എത്ര സംരംഭങ്ങൾക്ക് വായ്പ നൽകുകയുണ്ടായി ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയുടെ വിശദാംശങ്ങൾ</u>

1483 ശ്രീ. സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
,, ചിറ്റയം ഗോപകുമാർ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എത്ര തുക ലഭിച്ചു; എത്ര തുക ചെലവഴിച്ചു; ഏതെല്ലാം തരത്തിലുള്ള തൊഴിൽ സംരംഭകർക്കാണ് പ്രസ്തുത പദ്ധതി പ്രകാരം സഹായം നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതം, കേന്ദ്ര സബസിഡി, ബാങ്ക് വായ്പ, സംസ്ഥാന വിഹിതം എന്നിവ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) നടപ്പുസാമ്പത്തികവർഷം പ്രസ്തുത പദ്ധതിയിൻകീഴിൽ എത്ര അപേക്ഷകൾ ലഭിച്ചു; എത്രയെണ്ണം പരിഗണിച്ചു; എത്രപേർക്ക് തൊഴിൽ നൽകി;

(ഡി) കേന്ദ്രത്തിൽനിന്നും ലഭിച്ച തുക ഉപയോഗിക്കാത്തതു മൂലം നഷ്ടപ്പെടാനിടയുണ്ടോ; എങ്കിൽ നഷ്ടപ്പെടുത്താതെ ഉപയോഗപ്പെടുത്താൻ എന്തുനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

**കേരള സ്റ്റേറ്റ് റൂറൽ ഡെവലപ്പ്മെന്റ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റി**

1484 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തലത്തിൽ ഗ്രാമീണോൽപ്പന്നങ്ങളുടെ വിപണന കേന്ദ്രമായി പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് റൂറൽ ഡവലപ്പ്മെന്റ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ നടപ്പുവർഷത്തെ പ്രവർത്തനം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സൊസൈറ്റി ചെറുകിട സംരഭകർക്കും സ്വയംസഹായ സംഘങ്ങൾക്കും എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തി;

(സി) 2012–13 –ൽ നാളിതുവരെ സ്ഥാപനത്തിന്റെ വിറ്റുവരവ് എത്രയാണ്;

(ഡി) സൊസൈറ്റിയുടെ നവീകരണ പ്രവർത്തനങ്ങൾക്ക് എന്ത് തുക ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രത്യേക ആനുകൂല്യങ്ങൾ

1485 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ സ്ത്രീ തൊഴിലാളികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ വിതരണം ചെയ്യുമെന്ന പ്രഖ്യാപനം ശ്രദ്ധയിലുണ്ടോ;

(ബി) പ്രസ്തുത പ്രഖ്യാപന പ്രകാരം എത്ര സ്ത്രീ തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ വിതരണം ചെയ്തു; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) അതിനായി എത്ര തുക അനുവദിച്ചിരുന്നു; അതിൽ എത്ര തുക വിതരണം ചെയ്യും; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതി</u>

1486 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതിയിൽ, പൊതുസ്ഥലങ്ങൾ, പ്രധാന റോഡുകൾ എന്നിവിടങ്ങളിൽ ശുചീകരണ ജോലികൾ ഏറ്റെടുത്തു നടത്തുന്നതിനാവശ്യമായ പ്രോജക്ടുകൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരമൊരു നിരോധനം ഏർപ്പെടുത്താനുണ്ടായ സാഹചര്യം എന്തെന്ന് വിശദമാക്കാമോ;

(സി) പൊതുസ്ഥലങ്ങൾ വൃത്തിയാക്കൽ ജോലി വീണ്ടും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>തൊഴിലുറപ്പു പദ്ധതി കാര്യക്ഷമമാക്കൽ</u>

1487 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പു പദ്ധതി കാര്യക്ഷമമാക്കുന്നതിൽ 2012-2013 സാമ്പത്തിക വർഷത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) പദ്ധതിക്കായി ചെലവഴിച്ച തുക മുൻ സാമ്പത്തിക വർഷത്തേതിനേക്കാൾ കൂടുതലാണോ കുറവാണോ എന്ന് വിശദമാക്കുമോ;

(സി) കൂടുതലാണെങ്കിൽ അധികമായി ചെലവഴിച്ച തുകയെത്ര;

(ഡി) നടപ്പു സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് പദ്ധതി നടത്തിപ്പിനായി അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി പ്രകാരം
നെൽകർഷകർക്ക് സഹായം

1488 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി നെൽപാടങ്ങളിലേയ്ക്ക് വ്യാപിപ്പിച്ച് നെൽകർഷകരെ സഹായിക്കുന്ന തരത്തിൽ പദ്ധതി വിഭാവനം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**11.02.2013-ലെ മറുപടിക്ക്**

<u>തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ കൂലിവിതരണം</u>

1489 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതി പ്രകാരം ജോലി ചെയ്ത തൊഴിലാളികൾക്ക് നിയമപ്രകാരം ആഴ്ചയിൽ കൂലി വിതരണം ചെയ്യണമെന്ന വ്യവസ്ഥ പാലിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയിലെ ക്രമക്കേടുകൾ കണ്ടെത്താൻ നടപടി</u>

1490 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലുറപ്പുപദ്ധതിയിൽ എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകൾ പരിശോധിച്ച് കണ്ടെത്തുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്;

(സി) പ്രസ്തുത പദ്ധതി പ്രകാരം ജോലി ചെയ്യുന്നവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>എസ്.ജി.എസ്.വൈ., എൻ. ആർ.എൽ.എം പദ്ധതികൾ</u>

1491 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.ജി.എസ്.വൈ. ഇപ്പോൾ കേരളത്തിൽ നിലവിലുണ്ടോ ;

(ബി) എങ്കിൽ 2012-13 സാമ്പത്തികവർഷത്തിൽ എസ്.ജി. എസ്.വൈ. പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള എസ്.എച്ച്.ജി.-കൾക്ക് വായ്പാ സബ്സിഡി അനുവദിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എത്ര തുക അനുവദിച്ചു ; കേരളത്തിന് അനുവദിച്ച ആകെ സബ്സിഡി തുകയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ആകെ എത്ര സംഘങ്ങൾക്ക് അനുവദിച്ചുവെന്ന് വിശദമാക്കുമോ ;

(ഇ) എൻ.ആർ.എൽ.എം. പദ്ധതി കേരളത്തിൽ നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ ;

(എഫ്) ഇതിലൂടെ 2012-13 വർഷത്തിൽ എസ്.എച്ച്.ജി.-കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ജി) എങ്കിൽ തുകയും, സംഘങ്ങളുടെ എണ്ണവും വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

ഗ്രാമീണ റോഡുകളുടെ നിര്‍മ്മാണ പുനരുദ്ധാരണം എന്നിവയ്ക്കായി ഗ്രാമവികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതികള്‍

1492 ശ്രീ. ജി. എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമീണ റോഡുകളുടെ നിര്‍മ്മാണത്തിനും, പുനരുദ്ധാരണത്തിനും വേണ്ടി ഗ്രാമവികസന വകുപ്പ് പദ്ധതികള്‍ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ടോ; എങ്കില്‍ ഏതൊക്കെ പദ്ധതികളാണെന്നുള്ള വിശദാംശം അറിയിക്കുമോ;

(ബി) ഏതൊക്കെ ഏജന്‍സികളുടെ സഹകരണത്തോടും, സാമ്പത്തിക സഹായത്തോടും കൂടിയാണ് പ്രസ്തുത പദ്ധതികള്‍ നടപ്പിലാക്കുന്നത്;

(സി) റോഡുകള്‍ ഏറ്റെടുക്കുന്നതിന് നിശ്ചിത മാനദണ്ഡം പാലിച്ചിരിക്കണമെന്ന് നിഷ്കര്‍ഷിക്കുന്നുണ്ടോ; എങ്കില്‍ ആയത് എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) റോഡ് നിര്‍ദ്ദേശിക്കുവാനും, എസ്റ്റിമേറ്റ് തയ്യാറാക്കി സമര്‍പ്പിക്കുവാനും ഏത് ഓഫീസിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

പി. എം. ജി. എസ്. വൈ. പദ്ധതി മാർഗ്ഗരേഖയിലെ മാറ്റങ്ങൾ

1493 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി (പി. എം. ജി. എസ്. വൈ) യിൽ സംസ്ഥാനത്ത് നടപ്പിലാക്കാവുന്ന റോഡ് വികസന പദ്ധതികളുടെ മാർഗ്ഗരേഖയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇത്തരം റോഡുകൾക്ക് എട്ട് മീറ്റർ വീതിവേണമെന്ന മുൻ നിബന്ധന കാരണം നടപ്പിലാക്കാൻ കഴിയാതിരുന്ന റോഡ് നിർമ്മാണ പദ്ധതികൾ പുതിയ മാനദണ്ഡങ്ങളനുസരിച്ച് വീണ്ടും ഏറ്റെടുത്ത് നിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സംസ്ഥാനത്ത് അപ്രകാരം എത്ര റോഡുകൾ ഏറ്റെടുത്തിട്ടുണ്ടെന്ന് ജില്ല, ബ്ലോക്ക് തിരിച്ച് വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

വെട്ടിക്കവല, കൊട്ടാരക്കര ബ്ലോക്കുകളിൽ മുടങ്ങിക്കിടക്കുന്ന പി.എം.ജി. എസ്.വൈ പ്രവൃത്തികൾ

1494 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്കിൽ ഫെയ്സ് കഢ പ്രകാരവും കൊട്ടാരക്കര ബ്ലോക്കിൽ ഫെയ്സ് ഢകക പ്രകാരവും മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പ്രവൃത്തികളുടെ കരാർ ഉറപ്പിക്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

കണ്ണൂർ ജില്ലയിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടും കരാറുകാർ ഏറ്റെടുക്കാത്ത പ്രവൃത്തികൾ

1495 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പി.എം.ജി.എസ്.വൈ പദ്ധതിയിൽ ഉൾപ്പെട്ട് ടെണ്ടർ ചെയ്യുകയും റീ ടെണ്ടർ ചെയ്യുകയും ചെയ്തിട്ടും കരാറുകാർ ഏറ്റെടുക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നു അറിയിക്കുമോ;

(ബി) 2012 ജൂൺ മാസത്തിനുശേഷം ടെണ്ടർ പ്രീമിയം നൽകിയതിന്റെ ഫലമായി കണ്ണൂർ ജില്ലയിൽ കരാറുകാർ ഏറ്റെടുത്ത പ്രവൃത്തികൾ ഏതെല്ലാമെന്നുള്ളതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ഡി) ടെണ്ടർ പ്രീമിയം അനുവദിച്ചിട്ടും ഇനിയും കരാറുകാർ ഏറ്റെടുക്കാത്ത 6–ാം ഘട്ടത്തിലെയും 7–ാം ഘട്ടത്തിലെയും പ്രവൃത്തികൾ ഏതെല്ലാമെന്നും അവയുടെ പ്രവൃത്തി ആരംഭിക്കുവാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

കല്യാശ്ശേരി മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി

1496 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പ്രധാന മന്ത്രി ഗ്രാമീൺ സഡക് യോജന പദ്ധതി പ്രകാരം ഉൾപ്പെടുത്തിയ റോഡുകളുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>നിട്ടൂർ – മലയാടപ്പൊയിൽ റോഡു വികസനത്തിന്</u>
<u>പി. എം. ജി. എസ്.വൈ പദ്ധതിപ്രകാരം അനുവദിച്ച തുക</u>

1497 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് തൂണേരി ബ്ലോക്കിൽപ്പെട്ട നിട്ടൂർ – മലയാടപ്പൊയിൽ റോഡിന് പി. എം. ജി. എസ്.വൈ പദ്ധതിപ്രകാരം എത്ര തുകയാണ് കേന്ദ്ര സർക്കാർ അനുവദിച്ചതെന്നും ഏത് വർഷത്തിലാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പ് നിരക്കിൽ ഉണ്ടായ വർദ്ധന മൂലം പ്രസ്തുത പ്രവൃത്തി ഇപ്പോൾ പൂർത്തിയാക്കണമെങ്കിൽ എത്ര ശതമാനം തുക അധികം ആവശ്യമായി വരുമെന്നും പ്രസ്തുത തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) റോഡ് പണി പൂർത്തിയാക്കാതെ കരാറിൽനിന്നും പിൻമാറിയ കരാറുകാരന് എന്തെങ്കിലും തുക അനുവദിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കരാറുകാരന് നൽകിയത് ടെണ്ടർ തുകയുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>കണ്ണൂർ ജില്ലയിലെ പി.എം.ജി.എസ്.വൈ. നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി</u>

1498

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012–2013 വർഷത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ അംഗീകാരം ലഭിച്ച നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിക്കും എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) 2012–2013 വർഷത്തിലെ കണ്ണൂർ ജില്ലയിലെ പി.എം.ജി.എസ്.വൈ. പദ്ധതി പ്രവൃത്തികളുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നുള്ളതിന്റെ വിശദവിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി മുഖേനയുള്ള ഗ്രാമീണ റോഡുകളുടെ നവീകരണം

1499 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസിമുഖേന ഗ്രാമീണ റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്ന പദ്ധതി പരിഗണനയിലുണ്ടോ;

(ബി) അതിൽ കാസർഗോഡ് ജില്ലയിൽ നിന്ന് എത്ര റോഡുകളാണ് പരിഗണിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ നടപടികൾ ഏതുവരെയായെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>പുതിയ ബ്ലോക്ക് പഞ്ചായത്തുകൾക്ക് സ്വന്തമായി കെട്ടിടം</u>

1500 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽ പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്.

(സി) ഇല്ലെങ്കിൽ തുക അനുവദിക്കുന്നതിനുള്ള നടപടി ഏതു ഘട്ടം വരെയായെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതിച്ചെലവ്</u>

1501 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനത്തിനായി നടപ്പു സാമ്പത്തിക വർഷം എത്ര തുകയാണ് അനുവദിച്ചത്;

(ബി) ബ്ലോക്ക് പഞ്ചായത്തുകൾ നാളിതുവരെ എത്ര തുക ചിലവഴിച്ചു;

(സി) ചെലവിന്റെ ശതമാനം എത്രയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

**<u>സംയോജിത തരിശുഭൂമി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ നീർമറി പദ്ധതികൾ</u>**

1502 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംയോജിത തരിശുഭൂമി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ എത്ര നീർമറി പദ്ധതികൾക്കാണ് അനുമതി നൽകിയതെന്നും ഇതിനായി എത്ര തുകയുടെ പദ്ധതികൾക്കാണ് ഓരോ പഞ്ചായത്തിലും അനുമതി നൽകിയതെന്നും ഓരോ പഞ്ചായത്തിലും ഇതിനോടകം എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ കാലാവധി എപ്പോഴാണ് അവസാനിച്ചതെന്നും ഇപ്പോൾ ഐ.ഡബ്ല്യൂ.ഡി.പി പദ്ധതി പ്രവർത്തനങ്ങൾ ഓരോ പഞ്ചായത്തിലും ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ റോഡുകളുടെ നവീകരണം</u>

1503 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഗ്രാമവികസന വകുപ്പിന്റെ കീഴിൽ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് 2012-13 വർഷത്തിൽ ഏതെല്ലാം റോഡുകൾ തെരഞ്ഞെടുത്തിട്ടുണ്ട്; ഇനം തിരിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ പശ്ചിമഘട്ട വികസന പദ്ധതികള്‍</u>

1504 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പശ്ചിമഘട്ട വികസന പദ്ധതിയില്‍ കോഴിക്കോട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളാണ് ഉള്‍പ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) വിവിധ പഞ്ചായത്തുകളിലായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്നും ഇതിനായി എത്ര തുക ചെലവഴിച്ചു എന്നും പദ്ധതികളുടെ പേരും ഓരോന്നിലും ചെലവഴിച്ച തുകയും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് വി. ഇ. ഒ ശ്രീ. വേണുഗോപാലിന്റെ ചികിൽസ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനുള്ള നടപടി

1505 ശ്രീ. മോൻസ് ജെസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് വി. ഇ. ഒ ആയ ശ്രീ. വേണുഗോപാലിന്റെ കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയയുടെ മെഡിക്കൽ ബില്ല് പാസ്സാക്കുന്നതു സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണറേറ്റിൽ നിലവിലുള്ള സി1/9916/12 എന്ന ഫയലിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയൽ റിപ്പോർട്ടിനായി ഡി.എച്ച്.എസിന് അയച്ചോ; എങ്കിൽ എന്ന് അയച്ചു; റിപ്പോർട്ട് ലഭ്യമായോ; എങ്കിൽ, പകർപ്പ് നൽകാമോ;

(സി) പ്രസ്തുത ഫയൽ തീർപ്പാക്കുന്നതിൽ ഗ്രാമവികസന കമ്മീഷണറേറ്റിൽ കാലതാമസം ഉണ്ടായോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ ബി.പി.എൽ ലിസ്റ്റിന്റെ മാനദണ്ഡം</u>

1506 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കുടുംബങ്ങളെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് നിലവിലുണ്ടായിരുന്ന മാനദണ്ഡം എന്തെല്ലാമായിരുന്നു;

(ബി) ഇതിൽ ഭേദഗതി വരുത്തുകയുണ്ടായോ; വിശദമാക്കുമോ;

(സി) പുതുക്കിയ മാനദണ്ഡം അനുസരിച്ച് എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ ബി.പി.എൽ ലിസ്റ്റിൽ നിന്ന് പുറത്താകുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിൽ കൃഷി വകുപ്പിന് നീക്കിവെച്ച തുക</u>

T1507 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ ആദ്യ വർഷമായ 2012–'13 ൽ കൃഷി വകുപ്പിന് എത്ര തുകയാണ് പദ്ധതിയിനത്തിൽ നീക്കിവച്ചിട്ടുള്ളത്;

(ബി) ഇത് ആകെ പദ്ധതി തുകയുടെ എത്ര ശതമാനം വരും;

(സി) നീക്കിവയ്ക്കപ്പെട്ട തുകയിൽ എന്ത് തുക ഓരോ പദ്ധതിക്കും അനുവദിച്ചുകൊണ്ട് ഉത്തരവായി; വ്യക്തമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിന്റെ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

12–ാം പഞ്ചവത്സര പദ്ധതിയിലെ ഒന്നും രണ്ടും വർഷത്തെ പദ്ധതികൾ, പ്രവർത്തനങ്ങൾ

1508 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 12–ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷമായ 2012–2013 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണത്തിനും നിർവ്വഹണത്തിനുമായി സംസ്ഥാന സർക്കാർ എത്ര തുക വകയിരുത്തിയിരുന്നു ; ഇതിൽ 2012 ഡിസംബർ 31 വരെ എത്ര തുക ചെലവഴിച്ചുവെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ ;

(ബി) 12–ാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷമായ 2013–2014 സാമ്പത്തിക വർഷം എത്ര തുകയുടെ വാർഷിക പദ്ധതികൾക്കാണ് ആസൂത്രണ ബോർഡ് അംഗീകാരം നൽകിയിട്ടുള്ളത് ; ഇത് മുൻ വർഷത്തേക്കാൾ എത്ര ശതമാനം കൂടുതൽ ; ഓരോ വകുപ്പിനും നൽകിയിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) 2012–2013–ലെ തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി വിനിയോഗം മോശമാണെന്ന് ആസൂത്രണ ബോർഡ് യോഗം വിലയിരുത്തിയോ; മറ്റ് വകുപ്പുകളുടെ പ്രവർത്തനം എപ്രകാരമായിരുന്നു ; വിശദമാക്കുമോ ;

(ഡി) 2013–2014 വാർഷിക പദ്ധതി ഏതൊക്കെ മേഖലകൾക്കാണ് ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഇ) സ്വകാര്യവത്കരണ നടപടികൾക്ക് ആക്കംകൂട്ടുന്ന ഏതൊക്കെ നടപടികൾക്കാണ് ഈ ആസൂത്രണ ബോർഡ് 2013–2014 വാർഷിക പദ്ധതിയിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്; വിശദമാക്കുമോ ;

(എഫ്) വാർഷിക പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ ഈ സർക്കാരിന് കഴിയുന്നില്ലയെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കു

വാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>വിഷൻ 2020ന്റെ പ്രവർത്തനം</u>

T1509 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഷൻ 2020ന്റെ പ്രവർത്തന പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) ഏതെങ്കിലും പ്രവർത്തനങ്ങൾ 2013–ൽ പൂർത്തിയാക്കുവാൻ കഴിയുമോ ; എങ്കിൽ ഏതാണ് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

2011–12 ലെ പദ്ധതി വിഹിതം

1510 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011–12 ലെ പദ്ധതിവിഹിതവും ആകെ പദ്ധതിച്ചെലവും വിശദമാക്കുമോ;

(ബി) 2012–13 ലെ ആകെ പദ്ധതി വിഹിതവും 2013 ഫെബ്രുവരി 1 വരെയുള്ള പദ്ധതിച്ചെലവും വിശദമാക്കുമോ;

(സി) 2012–13 ലെ തദ്ദേശ സ്ഥാപനങ്ങളിലെ പദ്ധതിച്ചെലവ് 2013 ഫെബ്രുവരി 1 വരെയുള്ളത് മുൻസിപ്പാലിറ്റി/കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിവ തിരിച്ചുള്ള കണക്ക് പ്രത്യേകം ലഭ്യമാക്കാമോ; ഇവയുടെ ശതമാനം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

ഗ്രാമവികസന വകുപ്പിന് അനുവദിച്ച
പദ്ധതി–പദ്ധതിയേതര തുക

1511 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012–13 ബഡ്ജറ്റിൽ ഗ്രാമവികസന വകുപ്പിനു കീഴിൽ ഓരോ ഇനത്തിലും വകയിരുത്തിയ പദ്ധതി–പദ്ധതിയേതര തുകയും ഇതുവരെയുള്ള ചെലവു വിവര പട്ടികയും നൽകാമോ ;

(ബി) 2012–13 വർഷം ഗ്രാമവികസന വകുപ്പിൽ അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെ; ഓരോന്നിനും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>വിവിധ വകുപ്പുകളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് അവലോകനം</u>

1512 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012–13 സാമ്പത്തികവർഷത്തെ വിവിധ വകുപ്പുകളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) 'പ്ലാൻ സ്പെയ്സ്' എന്ന ഓൺലൈൻ സംവിധാനത്തിൽ വിവരം നൽകാത്ത എത്ര വകുപ്പുകളുണ്ടെന്നറിയിക്കാമോ; പ്രസ്തുത വകുപ്പുകൾ ഏതെല്ലാം എന്നറിയിക്കാമോ;

(സി) പ്രസ്തുത സംവിധാനം അനുസരിച്ചുള്ള നിരീക്ഷണത്തിൽ ഓരോ വകുപ്പും, അനുവദിച്ച തുകയുടെ എത്ര ശതമാനം നാളിതുവരെ ചെലവഴിച്ചുവെന്നറിയിക്കാമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ആദ്യ അർദ്ധവാർഷിക പദ്ധതി ചെലവ്</u>

T1513 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തികവർഷം സംസ്ഥാന പദ്ധതിയിനത്തിൽ ആദ്യഅർദ്ധവാർഷിക പദ്ധതിചെലവ് എത്ര ശതമാനമാണ് ;

(ബി) സംസ്ഥാന പദ്ധതിയിനത്തിൽ നടപ്പുസാമ്പത്തികവർഷം നാളിതുവരെ എത്ര ശതമാനം തുക ചെലവഴിച്ചു ;

(സി) നടപ്പുസാമ്പത്തികവർഷം കേന്ദ്രപദ്ധതി ഇനത്തിൽ നാളിതുവരെ എത്ര ശതമാനം തുക ചെലവഴിച്ചു ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>പദ്ധതിവിനിയോഗത്തിലെ പുരോഗതി</u>

1514 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-'13 സാമ്പത്തിക വർഷത്തെ പദ്ധതി വിനിയോഗങ്ങളിലെ പുരോഗതി ഏറ്റവും ഒടുവിൽ അവലോകനം നടത്തിയത് എപ്പോഴാണ്; ഇതിനകം പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം ഓരോ വകുപ്പും ചെലവഴിച്ചിട്ടുണ്ട്; അതുപ്രകാരം ഓരോ വകുപ്പും എത്രശതമാനം ചെലവഴിച്ചിട്ടുണ്ട്;

(ബി) പ്ലാനിംഗ് ബോർഡ് ഒടുവിൽ നടത്തിയ പദ്ധതി നടത്തിപ്പ് അവലോകന റിപ്പോർട്ട് പ്രകാരം ഓരോ വകുപ്പും എത്ര ശതമാനം വീതം പദ്ധതി ചെലവ് നടത്തിയിട്ടുണ്ടെന്നുള്ളതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അനുവദിച്ച തുക</u>

T 1515 ശ്രീമതി കെ.എസ്.സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പ് മന്ത്രി
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ആയതിൽ 2012 ഡിസംബർ 31 വരെ എത്ര തുക ചെലവഴിച്ചു;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി നടപ്പു വർഷം ചെലവഴിക്കേണ്ട തുകയിൽ നിന്നും കേന്ദ്ര സർക്കാർ ഇപ്പോൾ എത്ര തുക നൽകാതെയിരിപ്പുണ്ട്; കാരണം വിശദമാക്കുമോ;

(ഡി) കേന്ദ്രം അനുവദിച്ചതിൽ ദേശീയ തൊഴിലുറപ്പു പദ്ധതി, ഇന്ദിരാ ആവാസ് യോജന, പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി എന്നിവയ്ക്കായി ഉപയോഗിക്കേണ്ട തുകയിൽ എത്ര തുക 2012 ഡിസംബർ 31 വരെ ചെലവഴിച്ചു; വ്യക്തമാക്കുമോ;

(ഇ) ഇത്തരത്തിൽ കേന്ദ്ര ഫണ്ട് അനുവദിക്കുകയും ആയത് യഥാസമയം ഇപ്പോൾ ചെലവാക്കാതിരിക്കുകയും ചെയ്യുന്നതുമൂലം സംസ്ഥാനത്ത് ഗ്രാമീണ ജനങ്ങൾക്ക് ലഭിക്കേണ്ട സഹായങ്ങൾ ഇല്ലാതായെന്ന് സർക്കാർ കരുതുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) 11–ാം പദ്ധതിയിൽ കേന്ദ്ര പദ്ധതികൾക്കായി എത്ര തുക സംസ്ഥാനത്തിന് അനുവദിച്ചു; ഇതിൽ 2011–12 ൽ എത്ര തുകയാണ് നീക്കിവച്ചത്;

(ജി) ഓരോ ബഡ്ജറ്റിലും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണവും തുകയും കേന്ദ്ര സർക്കാർ വെട്ടിക്കുറയ്ക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; ഇത് പരിഹരിക്കുവാൻ സർക്കാർ

**കേരള നിയമസഭ**
**11.02.2013–ലെ മറുപടിക്ക്**

എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്രം അനുവദിച്ച തുക</u>

T 1516 ശ്രീ. ബാബു.എം.പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പ് മന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുളള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഓരോ പദ്ധതിക്കും കേന്ദ്ര സർക്കാർ എത്ര തുക നീക്കി വെച്ചിട്ടുണ്ട്; അതിൽ സംസ്ഥാന സർക്കാർ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>പിന്നോക്ക മേഖല സഹായനിധി (ബി. ആർ. ജി. എഫ്.)</u>

1517 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികസന പ്രക്രിയകളുടെ പരിണിതഫലമായി ഉടലെടുക്കുന്ന പ്രാദേശിക അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനായി ആരംഭിച്ച പിന്നോക്ക മേഖല സഹായനിധി (ബി. ആർ. ജി. എഫ്.) ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കിവരുന്നത് എന്നറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല ഉന്നതാധികാര സമിതി നടപ്പു സാമ്പത്തിക വർഷം പ്രസ്തുത ജില്ലകളിൽ ഏതെല്ലാം കർമ്മ പരിപാടികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത് എന്നറിയിക്കുമോ ;

(സി) അംഗീകാരം നൽകപ്പെട്ട പരിപാടികളിൽ ഏതിനെല്ലാം ഭരണാനുമതി ലഭിച്ചു എന്നറിയിക്കുമോ ;

(ഡി) പ്രസ്തുത ഇനത്തിൽ നാളിതുവരെ എന്ത് തുക ചെലവഴിച്ചു എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>വികസന പദ്ധതികളുടെ കൺസൾട്ടിംഗ് ഏജൻസി</u>

T1518 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം സംസ്ഥാന ആസൂത്രണ ബോർഡ് വികസന പദ്ധതികളുടെ കൺസൾട്ടിംഗ് ഏജൻസികളായി എത്ര സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് ഏതൊക്കെ സ്ഥാപനങ്ങൾ എന്ന് വ്യക്തമാക്കാമോ;

(സി) ഇതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ഡി) കുടുംബശ്രീയ്ക്ക് കൺസൾട്ടന്റായി അംഗീകാരം നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>റാന്നിയിലെ പശ്ചിമഘട്ട വികസന പദ്ധതി പ്രവൃത്തികൾ</u>

1519 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും**
സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട വികസന പദ്ധതിയിലുൾപ്പെടുത്തി റാന്നി നിയോജകമണ്ഡലത്തിന് ഈ സർക്കാർ വന്നതിനു ശേഷം അനുവദിച്ചിട്ടുള്ള മണ്ണുസംരക്ഷണ പദ്ധതികൾ ഏതൊക്കെ;

(ബി) എത്ര തുക വീതമാണ് പദ്ധതിക്ക് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണം ഏതൊക്കെ എജൻസികൾക്കാണ് നൽകിയിട്ടുള്ളത്; ഓരോ പദ്ധതിയുടെയും പേരു സഹിതം വ്യക്തമാക്കുമോ;

(ഡി) ഓരോ പ്രോജക്ടിലും ഏതൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഓരോ പ്രവൃത്തിക്കും നീക്കി വച്ചിട്ടുള്ള തുക സഹിതം വ്യക്തമാക്കുമോ;

(ഇ) ഏതൊക്കെ പ്രവർത്തനങ്ങളാണ് ഓരോ പ്രോജക്ടിലും പൂർത്തിയാക്കിട്ടുള്ളത്; പ്രസ്തുത പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(എഫ്) മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച ഏതൊക്കെ മണ്ണു സംരക്ഷണ പദ്ധതികളാണ് റാന്നി നിയോജകമണ്ഡലത്തിലുണ്ടായിരുന്നതെന്നും പദ്ധതികളുടെ പേരും അനുവദിച്ച തുകയും സഹിതം വ്യക്തമാക്കുമോ;

(ജി) ഇവയിൽ നിർമ്മാണം പൂർത്തിയാക്കിയവ ഏതൊക്കെ; ബാക്കിയുള്ളവയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

മലയോര വികസന ഏജൻസിയുടെ പ്രവർത്തന അവലോകനം

1520 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയോര വികസന ഏജൻസിയുടെ പ്രവർത്തനം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഏജൻസിയിലൂടെ സർക്കാർ കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യം എന്താണ്;

(സി) 2012–13 ൽ ഇതിലേയ്ക്കായി എന്ത് തുക വകയിരുത്തിയിരുന്നു;

(ഡി) പ്രസ്തുത ഏജൻസി ഏതെല്ലാം മേഖലയിൽ അനുവദിക്കപ്പെട്ട തുക ചെലവഴിച്ചു എന്നറിയിക്കാമോ;

(ഇ) ഇതിലൂടെ എന്തു ഭൗതികനേട്ടം ഉണ്ടായെന്നു വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>മലയോര വികസന ഏജൻസിയുടെ പ്രവർത്തനം</u>

T 1521 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയോര വികസനത്തിനായി നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്;

(ബി) മലയോര വികസന ഏജൻസി നിലവിൽ പ്രവർത്തിക്കുന്നുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത ഏജൻസി ഏറ്റെടുത്ത് നടത്തുന്നത്;

(ഡി) ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രമാത്രം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പകൾ</u>

T1522 ശ്രീ. കെ.അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾ നൽകാൻ വൈമുഖ്യം കാട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾ നൽകുന്നതിന് ഏരിയ തിരിച്ച് അപേക്ഷകൾ സ്വീകരിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഇത് നിയമപരമാണോ എന്നും നിയമപരമല്ലായെങ്കിൽ ഇക്കാര്യത്തിൽ വ്യക്തത കൈവരുത്താൻ ബാങ്കുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകുമോ എന്നും വ്യക്തമാക്കുമോ;

(സി) വിദ്യാഭ്യാസ വായ്പയ്ക്ക് ഏത് വർഷം വരെയാണ് താഴ്ന്നവരുമാനക്കാർക്ക് പലിശ ഇളവ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>കൃതിക കൈത്തറി പ്രോജക്ടിന്റെ ലക്ഷ്യവും പ്രവർത്തനവും</u>

1523 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് "കൃതിക കൈത്തറി പ്രോജക്ട്" നടപ്പിലാക്കിയിട്ടുള്ളത്;

(ബി) "കൃതിക കൈത്തറി പ്രോജക്ടി"ന്റെ ലക്ഷ്യങ്ങൾ വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചതെപ്പോഴാണെന്നു അറിയിക്കുമോ;

(ഡി) കണ്ണൂർ ജില്ലയിലെ ഏതെല്ലാം വികസന ബ്ലോക്കുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്;

(ഇ) ഇതിനായി എത്ര തുകയുടെ പദ്ധതിക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്;

(എഫ്) ഇതിൽ എത്ര തുക കേന്ദ്രവിഹിതമുണ്ടെന്നും എത്ര തുക സംസ്ഥാന വിഹിതമുണ്ടെന്നും വെളിപ്പെടുത്തുമോ;

(ജി) ഇതിനോടകം കേന്ദ്ര വിഹിതമായി എത്ര തുക ലഭിച്ചു കഴിഞ്ഞു; സംസ്ഥാന വിഹിതമായി എത്ര തുക ലഭിച്ചു കഴിഞ്ഞു; ബാക്കി കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ലഭ്യമാക്കുന്നതിന് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>തൂണേരി ബ്ലോക്ക് നിട്ടൂർ–മലയാടപ്പൊയിൽ റോഡ് നിർമ്മാണം പൂർത്തിയാക്കുന്നതിന് പുതുക്കിയ എസ്റ്റിമേറ്റ്</u>

1524 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ല തൂണേരി ബ്ലോക്ക് നിട്ടൂർ–മലയാടപ്പൊയിൽ റോഡ് നിർമ്മാണം പൂർത്തിയാക്കുന്നതിന് പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; എസ്റ്റിമേറ്റ് സംഖ്യ വ്യക്തമാക്കുമോ;

(ബി) എസ്റ്റിമേറ്റിലുണ്ടായ വർദ്ധനവ് നൽകുന്നതിന്, ആദ്യത്തെ കരാറുകാരന് നൽകാതെയിരുന്ന ബില്ലുകളുടെ തുക ഉപയോഗിക്കുവാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ;

(സി) കരാറിൽ നിന്നും പിൻമാറിയ കരാറുകാരൻ ചെയ്ത പ്രവൃത്തികളിൽ എന്തൊക്കെ പ്രവൃത്തികൾ വീണ്ടും ചെയ്യേണ്ടിവരുമെന്ന് വ്യക്തമാക്കുമോ;

(ഡി) വീണ്ടും ചെയ്യേണ്ടിവരുന്ന പ്രവൃത്തികൾക്കുള്ള തുക ടിയാന് നൽകാനുള്ള തുകയിൽ നിന്നും ഈടാക്കി നൽകുവാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>നിട്ടൂര്‍ – മലയാടപ്പൊയില്‍ റോഡുപണിയില്‍നിന്നും പിന്മാറിയ കരാറുകാരന്‍ സമര്‍പ്പിച്ച ബില്ലുകളുടെ പണം നല്‍കാതിരിക്കല്‍</u>

1525 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് തൂണേരി ബ്ലോക്ക് നിട്ടൂര്‍ – മലയാടപ്പൊയില്‍ റോഡ് പണിയുടെ കരാറില്‍നിന്നും പിന്മാറിയ കരാറുകാരന്‍ എത്ര തുകയുടെ ബില്ല് സമര്‍പ്പിച്ചിട്ടുണ്ടെന്നും ആയതില്‍ എത്ര തുക നല്‍കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) കരാറുകാരന്‍ സമര്‍പ്പിച്ച ബില്ലുകളുടെ ആകെ തുക കരാര്‍ സംഖ്യയുടെ എത്ര ശതമാനം വരുമെന്നും പൊതുമരാമത്ത് വകുപ്പ് നിരക്ക് വര്‍ദ്ധനയുടെ സാഹചര്യത്തില്‍ പ്രസ്തുത ബില്ലുകള്‍ക്കുള്ള തുകയുടെ പ്രവൃത്തി ഇപ്പോള്‍ ചെയ്ത് തീര്‍ക്കണമെങ്കില്‍ കരാര്‍ തുകയുടെ എത്ര ശതമാനം വര്‍ദ്ധനവ് നല്‍കേണ്ടിവരുമെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കരാറുകാരന്‍ സമര്‍പ്പിച്ച ബില്ലുകളുടെ പണം നല്‍കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന ആസൂത്രണബോര്‍ഡിന്റെ കൃഷിവിഭാഗത്തിന്റെ പ്രധാനപ്രവര്‍ത്തനങ്ങള്‍</u>

1526 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന ആസൂത്രണബോര്‍ഡിന്റെ കൃഷിവിഭാഗത്തിന്റെ 2011-12, 2012-13 എന്നീ വര്‍ഷങ്ങളിലെ പ്രധാനപ്രവര്‍ത്തനങ്ങള്‍ വ്യക്തമാക്കുമോ;

(ബി) പ്രസ്തുതവിഭാഗം സംസ്ഥാനത്തെ കാര്‍ഷികമേഖലയില്‍ ഉടലെടുക്കുന്ന പ്രശ്നങ്ങള്‍ സംബന്ധിച്ചു പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എങ്കില്‍ പഠനം സംബന്ധിച്ച റിപ്പോര്‍ട്ടിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

## അർഹരായവരെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള ബി. പി. എൽ. ലിസ്റ്റ് തയ്യാറാക്കൽ

1527 ശ്രീ. പി. ഉബൈദുള്ള
,, പി. കെ. ബഷീർ
,, എൻ. ഷംസുദ്ദീൻ
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എ. പി. എൽ/ബി. പി. എൽ. കുടുംബങ്ങളെ നിശ്ചയിച്ച് ലിസ്റ്റ് തയ്യാറാക്കിയതിൽ വൻവിവേചനമുണ്ടായിട്ടുണ്ടെന്നും മാനദണ്ഡപ്രകാരം ബി. പി. എൽ. പട്ടികയിൽപെടേണ്ട നിരവധി കുടുംബങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുണ്ടെന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികളിൽ ബഹുഭൂരിപക്ഷവും പ്രസ്തുത വിഷയം സംബന്ധിച്ചായിരുന്നു എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ എത്ര പരാതികളാണ് ലഭിച്ചത്;

(സി) കൃത്യമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ കുറ്റമറ്റപരിശോധനകൾ നടത്തി അർഹരായവരെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള ബി. പിഎൽ. ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ക്ഷീരോൽപാദന വികസന പദ്ധതികൾ</u>

1528 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരോൽപാദനച്ചെലവ് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതിനാൽ അതുമായി ബന്ധപ്പെടുത്തി പരിഗണിക്കുമ്പോൾ പാൽ വില തികച്ചും പര്യാപ്തമല്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്നവരെ നിലനിർത്തുന്നതിന് ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(സി) ഈ മേഖലയിലെ കാലികമായ പ്രതിസന്ധിപരിഗണിച്ച് പുതിയ എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ;

(ഡി) പാൽ വില വർദ്ധിപ്പിക്കാതെ ക്ഷീരോൽപാദനച്ചെലവ് കുറയ്ക്കുന്നതിനുവേണ്ടി കാലോചിതമായ നടപടിക്ക് തയ്യാറാകുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത

1529 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ആവശ്യമുള്ള പാലിന്റെ മുഖ്യപങ്കും അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന സാഹചര്യത്തിൽ പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

പശുഗ്രാമം പദ്ധതി

1530 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പശുഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ ക്ഷീരകർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് എപ്പോഴാണ് ലോൺ അനുവദിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) പശുക്കളെ എവിടെ നിന്നാണ് വാങ്ങിയതെന്നും, പശുക്കളെ രോഗ പരിശോധന നടത്തിയിരുന്നോ എന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം വാങ്ങിയ പശുക്കളെല്ലാം രോഗം പിടിപെട്ട് ചത്തുപോയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ബാങ്കിന്റെ ജപ്തി നടപടികളിൽ നിന്ന് ഒഴിവാക്കി പ്രസ്തുത ക്ഷീര കർഷകരുടെ കടം എഴുതിത്തള്ളുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനത്തു നിന്നുമുള്ള പാലിന്റെ ഗുണനിലവാരം</u>

1531 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) പാൽ ഉൽപാദനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച പ്രധാന നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ക്ഷീരകാർഷിക മേഖലയുടെ അഭിവൃദ്ധിയ്ക്ക് പദ്ധതി</u>

1532 ശ്രീ. റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഈ സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാം;

(ബി) മുൻ വർഷങ്ങളെ അപേക്ഷിച്ച് പാൽ ഉൽപാദനരംഗത്ത് വളർച്ച കൈവരിക്കാൻ സാധിച്ചുവോ; ഇക്കാര്യത്തിൽ മുന്നിട്ടു നിൽക്കുന്ന ജില്ലകൾ ഏതെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ക്ഷീരകാർഷിക വൃത്തിയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനും പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിയ്ക്കുന്നതിനും 2013-14 ബജറ്റിൽ കൂടുതൽ തുക വകയിരുത്താൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകരെ ഉൾപ്പെടുത്തൽ</u>

1533 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകരെ ഉൾപ്പെടുത്തുമെന്ന പ്രഖ്യാപനത്തിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പ്രഖ്യാപനം പ്രാബല്യത്തിൽ വരുത്താൻ കാലതാമസം നേരിടുന്നത് എന്ത് കൊണ്ടാണ് ;

(സി) ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ എന്നു മുതൽ ഉൾപ്പെടുത്തും; ഇതു സംബന്ധിച്ച നിബന്ധനകൾ എന്തെല്ലാം; വിശദമാക്കാമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

ക്ഷീരകർഷകരെ രക്ഷിക്കാനായി നടപടികൾ

1534 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയുടെ ദൗർലഭ്യവും വിലവർദ്ധനവും മൂലം ക്ഷീരോത്പാദന മേഖല ഇപ്പോൾ തകർച്ചയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; വിശദമാക്കുമോ;

(ബി) ക്ഷീരകർഷകരെ രക്ഷിക്കാനായി പാൽ വില ലിറ്ററിന് 5 രൂപ കൂട്ടിയതു മൂലവും അതോടൊപ്പം കാലിത്തീറ്റയുടെ വില വർദ്ധന മൂലവും ക്ഷീരകർഷകരും ഉപഭോക്താക്കളും വിലവർദ്ധന നേരിടുന്നത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ചൂട് കനത്തതോടെ ഡിസംബർ, ജനുവരി മാസങ്ങളിൽ പാലുൽപാദനത്തിൽ ശരാശരി എത്ര ലിറ്ററിന്റെ കുറവാണ് വന്നിട്ടുള്ളത്;

(ഡി) സംസ്ഥാനത്ത് നിലവിൽ എത്ര ലിറ്റർ പാൽ വിവിധ ഏജൻസികൾ വഴി ഉത്പാദിപ്പിക്കുന്നു; പ്രതിദിനം എത്ര ലിറ്റർ പാൽ സംസ്ഥാനത്ത് ആവശ്യമുണ്ട്; ബാക്കിയുള്ള പാൽ എപ്രകാരം സ്വരൂപിക്കുന്നു; വിശദമാക്കുമോ;

(ഇ) ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; ക്ഷേമനിധി ബോർഡിലേക്ക് വാഗ്ദാനം ചെയ്ത ഒരുകോടി രൂപ കഴിയുന്നത്ര വേഗത്തിൽ നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(എഫ്) ക്ഷീര കർഷകർക്ക് പെൻഷൻ 1,000/- രൂപയായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ജി) ക്ഷീര കർഷകർക്ക്, പാൽ വില കൂട്ടുമ്പോൾ പ്രഖ്യാപിച്ച നിലയിൽ കാലിത്തീറ്റ നൽകുവാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനായി നടപടി

1535 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ദിവസം എത്ര ലിറ്റർ പാലാണ് ആവശ്യമുള്ളത്; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ പ്രതിദിന പാൽ ഉല്പാദനം എത്രയാണ്;

(സി) സംസ്ഥാനത്തിന്റെ ഉപയോഗത്തിനാവശ്യമായതിൽനിന്നും കുറവുവരുന്ന പാൽ എവിടെനിന്നാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) പാൽ ഉല്പാദനരംഗത്ത് സ്വയംപര്യാപ്തതയ്ക്കായി ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>പായ്ക്കറ്റ് പാലുകളുടെ ഗുണനിലവാര പരിശോധന</u>

1536 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ചെക്ക് പോസ്റ്റുകളോടനുബന്ധിച്ച് അന്യസംസ്ഥാനത്ത് നിന്ന് വരുന്ന പാൽ പരിശോധിക്കാനായി സ്ഥിരം സംവിധാനം നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇല്ലെങ്കിൽ നിലവിൽ പാൽ പരിശോധന നടത്തുന്നത് ഏതെല്ലാം സംവിധാനങ്ങളിലൂടെയാണ്;

(സി) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന പായ്ക്കറ്റ് പാലുകളുടെ ഗുണനിലവാര പരിശോധനയിൽ തൃപ്തികരമല്ലാത്തവയായി കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് കണ്ടെത്തിയ ബ്രാൻഡുകൾ ഏതെല്ലാമാണ്; അവ ഉൽപ്പാദിപ്പിച്ചിരുന്നത് എവിടെയാണ്;

(ഡി) ഗുണനിലവാരം പുലർത്തുന്ന പായക്കറ്റ് പാൽ ബ്രാൻഡുകളുടെ ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>ക്ഷീരകർഷകർക്ക് ക്ഷേമനിധി അംഗത്വം</u>

1537 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദീർഘകാലം പശുവളർത്തലും പശുക്കറവയും തൊഴിലായി കൊണ്ടുനടക്കുകയും ക്ഷേമനിധി അംഗത്വം എടുക്കുന്നതിനുമുമ്പുതന്നെ വാർദ്ധക്യ സഹജമായ അസുഖങ്ങൾമൂലം ഈ തൊഴിൽമേഖലയിൽ സജീവമായി തുടരാൻ കഴിയാതെ വരികയും ചെയ്ത ക്ഷീര കർഷകർക്ക് പെൻഷൻ നൽകുമോ; ഇത്തരത്തിൽപ്പെട്ട ക്ഷീര കർഷകർ പെൻഷനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഇവ പരിഗണിക്കപ്പെട്ടിട്ടുണ്ടോ;

(ബി) പാലളക്കുന്ന ക്ഷീര സംഘങ്ങളിൽ പാലളക്കുന്നതു സംബന്ധിച്ച രേഖകൾ സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ എത്രകാലം മുമ്പുവരെയുള്ള രേഖകൾ ഓരോ സംഘവും സൂക്ഷിക്കുന്നുണ്ട്; പഴയ രേഖകൾ ലഭിക്കുന്നതിന് നിരക്ഷരരും വൃദ്ധരുമായ മുൻകാല ക്ഷീരകർഷകർ സംഘങ്ങളെ സമീപിച്ചിട്ടും അവ ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം വൃദ്ധരും രോഗികളുമായ ക്ഷീരകർഷകർക്ക് പെൻഷൻ നിഷേധിക്കപ്പെടുന്ന അവസ്ഥ ബോധ്യപ്പെട്ടിട്ടുണ്ടോ; ഇത്തരം ക്ഷീരകർഷകർക്ക് പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ചേർത്തല വാരനാട് പടിഞ്ഞാറെ ഇരവിമംഗലം വീട്ടിൽ രാധാമണിയമ്മ ക്ഷീരകർഷക പെൻഷന് അപേക്ഷ സമർപ്പിച്ചിട്ടും പരിഗണിക്കപ്പെടാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത അപേക്ഷ പരിഗണിച്ച് രാധാമണിയമ്മയ്ക്ക് പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>കിടാരി വിതരണപദ്ധതി</u>

1538 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2012-13 സാമ്പത്തിക വർഷം ക്ഷീരകർഷകർക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ള കിടാരി വിതരണ പദ്ധതിക്ക് ആലപ്പുഴ ജില്ലാ ക്ഷീരവികസന ആഫീസിൽ നിന്നും അനുവാദം നൽകാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ; പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് അനുമതി ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കേന്ദ്ര ഗവൺമെന്റിന്റെ എസ്.ജി.എസ്.വൈ. പദ്ധതി മാനദണ്ഡ പ്രകാരം തയ്യാറാക്കിയിട്ടുള്ള പ്രസ്തുത പദ്ധതിക്ക് മുൻകാലങ്ങളിൽ അനുമതി ലഭിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>കാലിത്തീറ്റയുടെ വിലവര്‍ദ്ധനവിന്റെ പ്രത്യാഘാതം കുറയ്ക്കാന്‍ നടപടികള്‍</u>

1539 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കാലിത്തീറ്റയുടെ വില വര്‍ദ്ധിച്ചുവരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) വിലവര്‍ദ്ധനവിന്റെ ആഘാതം കുറയ്ക്കാന്‍ സ്വീകരിച്ച നടപടികള്‍ എന്തൊക്കെയാണ്;

(സി) കാലിത്തീറ്റയ്ക്കു സബ്സിഡി നല്‍കുന്നയിനത്തില്‍ 2012-13-ല്‍ എന്തു തുക നീക്കിവെച്ചിട്ടുണ്ട് എന്നറിയിക്കുമോ;

(ഡി) 2011-12-ല്‍ എന്തു തുക കാലിത്തീറ്റ സബ്സിഡിയിനത്തില്‍ നല്‍കി എന്നറിയിക്കുമോ?

## കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

ഫോഡർ പ്രമോട്ടർ

1540 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീര വികസന വകുപ്പിന്റെ കീഴിൽ വിവിധ ബ്ലോക്കുകൾ ഫോഡർ പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ നിയമിച്ചു; ഇവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വന്നിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ ബ്ലോക്കുകളിലായി ഇപ്പോൾ എത്രപേർ ഫോഡർ പ്രൊമോട്ടർമാരായി ജോലി നോക്കുന്നുണ്ട്; ഇവരിൽ ആരെയെങ്കിലും പിരിച്ചു വിട്ടിട്ടുണ്ടോ; എങ്കിൽ പരിച്ചു വിടാനുണ്ടായ കാരണങ്ങൾ വെളിപ്പെടുത്തുമോ;

(സി) തീറ്റപ്പുൽകൃഷി വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്; പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി പിരിച്ചുവിട്ട ഫോഡർ പ്രൊമോട്ടർമാരുടെ സേവനം വീണ്ടും പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്രയുംവേഗം നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>ആർ.കെ.വി.വൈ. പദ്ധതിയുമായി ബന്ധപ്പെടുത്തി കാലിത്തീറ്റ സബ്സിഡി</u>

1541 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ക്ഷീരകർഷകർക്ക് ആവശ്യമായ കാലിതീറ്റ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഇനങ്ങളിൽ; എത്ര വീതം; വെളിപ്പെടുത്തുമോ;

(ബി) ക്ഷീരകർഷകൾക്ക് കാലിതീറ്റ സബ്സിഡിനൽകുന്ന പദ്ധതി എന്നുമുതൽ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ; ഈ ഇനത്തിൽ 2009–2010 മുതൽ 2012–2013 വരെ ഓരോ വർഷവും എന്ത് തുക സബ്സിഡി ഇനത്തിൽ നൽകി; ഇതു നൽകുന്നതിനുളള മാനദണ്ഡങ്ങൾ എന്തൊക്കെ; സബ്സിഡി തുക എത്ര; വ്യക്തമാക്കാമോ;

(സി) ആർ.കെ.വി.വൈ. പദ്ധതിയുമായി ബന്ധപ്പെടുത്തി കാലിതീറ്റ സബ്സിഡി പദ്ധതിക്ക് കൂടുതൽ തുക ലഭ്യമാക്കുമെന്ന 2012–13 ലെ പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുക ലഭ്യമാക്കി; വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>ക്ഷീരോല്പാദന കേന്ദ്രങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പുതിയ ധനകാര്യ സ്ഥാപനം</u>

1542 ശ്രീ. കെ. വി. വിജയദാസ്
,, രാജു എബ്രഹാം
ശ്രീമതി കെ.കെ.ലതിക
ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരോല്പാദന കേന്ദ്രങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പുതിയ ധനകാര്യസ്ഥാപനം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച പഠനങ്ങൾ നടത്തുകയുണ്ടായോ; ഇതിനാവശ്യമായ ഫണ്ട് ഏതെല്ലാം നിലയിൽ സ്വരൂപിക്കാനാണുദ്ദേശിക്കുന്നത്;

(സി) ക്ഷീരസഹകരണസംഘങ്ങൾ നിലവിൽ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നത് ഏതൊക്കെ സ്ഥാപനങ്ങൾ വഴിയാണ്; വിശദമാക്കുമോ;

(ഡി) നിർദ്ദിഷ്ട ധനകാര്യസ്ഥാപനത്തിന്റെ ധനകാര്യ സ്രോതസ്സ് സംബന്ധിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>ക്ഷീരസംഘങ്ങൾക്ക് കെട്ടിട നിർമ്മാണത്തിന് സഹായം</u>

1543 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി സ്ഥലമുള്ള ക്ഷീരസംഘങ്ങൾക്ക് കെട്ടിടം പണിയുന്നതിനാവശ്യമായ സഹായം നൽകുന്നുണ്ടോ; സഹായം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം പണിയുവാൻ സ്ഥലമുള്ള ക്ഷീര സംഘങ്ങൾ എത്രയുണ്ട്; എത്ര സംഘങ്ങൾക്ക് കെട്ടിടമുണ്ട്;

(സി) മാവേലിക്കര മണ്ഡലത്തിലെ വള്ളിക്കുന്ന് പഞ്ചായത്തിൽ ഡയറി എക്സ്റ്റൻഷൻ ആഫീസ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>ക്ഷീരകർഷകർക്കും, ക്ഷീരസഹകരണ സംഘങ്ങൾക്കും നൽകുന്ന സഹായ പദ്ധതി</u>

1544 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും നൽകുന്ന സഹായ പദ്ധതികൾ എന്തെല്ലാം;

(ബി) ക്ഷീരകർഷകരുടെ വായ്പ കാർഷിക വായ്പയായി പരിഗണിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ക്ഷീരകർഷക പെൻഷൻ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

**കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിനുള്ള ധനസഹായം**

1545 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് 2012–13 –ൽ പ്രഖ്യാപിച്ചിരുന്ന ധനസഹായം എത്രയാണ്; ഇതിൽ എന്ത് തുക കൈമാറി;

(ബി) ബോർഡ് മുഖേന ഇപ്പോൾ ക്ഷീരകർഷകർക്ക് നൽകിവരുന്ന പെൻഷൻ എത്ര ;

(സി) പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ക്ഷീരസഹകരണ സംഘങ്ങള്‍ ശക്തിപ്പെടുത്തല്‍</u>

1546 ശ്രീ. കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങള്‍ ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ക്ഷീര വികസനം വ്യാവസായിക അടിസ്ഥാനത്തില്‍ നടത്തി ഉല്പാദനം വര്‍ദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ സഹായങ്ങളാണ് ക്ഷീര സഹകരണ സംഘങ്ങള്‍ വഴി നടപ്പിലാക്കുന്നത്; വിശദാംശം നല്‍കുമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>പുതിയ സാംസ്കാരിക നയം</u>

1547 ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സാംസ്കാരികനയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സാംസ്കാരിക സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യാധികാരം നൽകുവാൻ എന്തെല്ലാം വിഷയങ്ങൾ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) നയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>പത്മ പുരസ്കാരങ്ങൾ</u>

1548 ശ്രീ. എം. എ. ബേബി
,, എ. കെ. ബാലൻ
,, പുരുഷൻ കടലുണ്ടി
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ പത്മ പുരസ്കാരത്തിനായുള്ള നാമനിർദ്ദേശങ്ങൾ നടത്തുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെ; വിശദമാക്കുമോ;

(ബി) മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണോ നാമനിർദ്ദേശങ്ങൾ അയച്ചുകൊടുത്തത്; വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സെർച്ച് കമ്മിറ്റി രൂപീകരിച്ചിരുന്നുവോ; സെർച്ച് കമ്മിറ്റി അംഗങ്ങൾ ആരൊക്കെയായിരുന്നു; ഈ കമ്മിറ്റി എത്ര തവണ കൂടി; വിശദാംശങ്ങൾ അറിയിക്കുമോ; ഇല്ലെങ്കിൽ ഏത് മാനദണ്ഡപ്രകാരമാണ് ശുപാർശകൾ നൽകിയത്;

(ഡി) കേരളത്തിൽ നിന്നും ഇക്കൊല്ലം പത്മ പുരസ്കാരങ്ങൾ ലഭിച്ചത് ആർക്കെല്ലാമാണ്; എന്തെല്ലാം പത്മ പുരസ്കാരങ്ങളാണ് ലഭിച്ചത്;

(ഇ) പ്രഖ്യാപിക്കപ്പെട്ട പുരസ്കാരങ്ങളെ സംബന്ധിച്ച് ലഭിച്ചവരും ലഭിക്കാത്തവരും ഉന്നയിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിശോധിക്കുകയുണ്ടായോ; ഇക്കാര്യത്തിൽ സംഭവിച്ച വീഴ്ച ബോധ്യമുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

പത്മ പുരസ്കാരങ്ങൾ നൽകുന്നതിന്റെ മാനദണ്ഡം

1549 ശ്രീ.കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്മ പുരസ്കാരങ്ങൾക്ക് പേര് നിർദ്ദേശിക്കുന്നതിന് കേന്ദ്രം നിഷ്കർഷിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഈ പുരസ്കാരങ്ങൾക്കായി സംസ്ഥാന പട്ടിക തയ്യാറാക്കിയ രീതി വെളിപ്പെടുത്താമോ;

(സി) സംസ്ഥാന സർക്കാർ ഏതൊക്കെ മേഖലകളിൽ നിന്ന് ആരുടെയൊക്കെ പേരുകളാണ് പത്മ പുരസ്കാരങ്ങൾക്കായി നിർദ്ദേശിച്ചത്; പേരുകൾ നിർദ്ദേശിച്ചതിന്റെ മാനദണ്ഡങ്ങൾ എന്താണ്; വ്യക്തമാക്കാമോ;

(ഡി) നിർദ്ദേശിക്കപ്പെട്ട ഓരോ പേരുകൾക്കും നൽകിയ ശുപാർശകത്തിന്റെ പകർപ്പുകൾ നൽകുമോ;

(ഇ) ഈ പുരസ്കാരങ്ങൾക്ക് ശുപാർശ സമർപ്പിക്കുന്നതിന് കേന്ദ്രം നിഷ്കർഷിച്ച തീയതിയും, സംസ്ഥാനം ശുപാർശകൾ സമർപ്പിച്ച തീയതിയും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

പത്മ പുരസ്കാരത്തിന്റെ ഗൈഡ്‌ലൈൻ

1550 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്മപുരസ്കാരങ്ങൾ നിർദ്ദേശിക്കാൻ കേന്ദ്ര സർക്കാർ സംസ്ഥാന ഗവൺമെന്റിന് പുതിയ ഗൈഡ് ലൈൻ നൽകിയിരുന്നോ; ഈ ഗൈഡ് ലൈൻ എന്നാണ് ലഭിച്ചത്; ഈ ഗൈഡ്‌ലൈൻ പ്രകാരമാണോ ഈ വർഷം നിർദ്ദേശങ്ങൾ നൽകിയത്;

(ബി) അല്ലെങ്കിൽ എന്തുകൊണ്ടാണ് പുതിയ ഗൈഡ് ലൈൻ പരിഗണിക്കാതിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ പേരുകൾ ശുപാർശ ചെയ്യുന്ന രീതിയിൽ നിന്നും എന്തെല്ലാം വ്യത്യാസങ്ങളാണ് പുതിയ ഗൈഡ് ലൈനിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പുതിയ ഗൈഡ്‌ലൈനിനോട് വിയോജിപ്പുണ്ടോ;

(ഇ) പുതിയ ഗൈഡ് ലൈൻ പ്രകാരമല്ലാതെ പേരുകൾ നിർദ്ദേശിച്ചത് കൊണ്ടാണോ ഈ വർഷം കേരളത്തിൽ നിന്നുള്ള പ്രാതി നിധ്യം വളരെ കുറവായത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

**2013-ലെ പത്മ പുരസ്കാരങ്ങൾ**

1551 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-ലെ പത്മ പുരസ്കാരങ്ങൾക്കായി എത്ര പേരുടെ ലിസ്റ്റ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി നല്കി;

(ബി) അവർ ആരെല്ലാമെന്നും ഓരോരുത്തർക്കും എപ്രകാരമുള്ള പത്മ പുരസ്കാരങ്ങൾ നല്കണമെന്നുമാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടത്; വ്യക്തമാക്കുമോ;

(സി) എത്ര പേർക്കാണ് സർക്കാർ നല്കിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പത്മ പുരസ്കാരം ലഭിച്ചത്; അവർ ആരെല്ലാം; വിശദമാക്കുമോ;

(ഡി) ആകെ എത്ര പത്മ പുരസ്കാരമാണ് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചതെന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(ഇ) 2013-ൽ പത്മ പുരസ്കാരം പ്രഖ്യാപിക്കുവാൻ നല്കിയ ലിസ്റ്റിൽ 2008-ൽ പത്മശ്രീ ലഭിച്ച പ്രൊഫ. ലീലാവതി ഉൾപ്പെട്ടുവോ; എങ്കിൽ എന്തുകൊണ്ട് ഇപ്രകാരം സംഭവിച്ചുവെന്ന് വ്യക്തമാക്കുമോ;

(എഫ്) പത്മ പുരസ്ക്കാരങ്ങൾ നൽകുന്നതിൽ കേന്ദ്ര നിർദ്ദേശങ്ങൾ വേണ്ടവിധം പാലിക്കാത്തതാണ് സംസ്ഥാനത്ത് നിന്നുള്ള ശുപാർശകൾ പരിഗണിക്കപ്പെടാത്തതിനു കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ; വിശദമാക്കുമോ;

(ജി) പത്മ അവാർഡുകൾക്ക് അർഹരായ വ്യക്തികളെ ശുപാർശ ചെയ്യാൻ വിദഗ്ദ്ധ സമിതി രൂപീകരിക്കണമെന്ന കേന്ദ്ര നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടുവോ; വിശദമാക്കുമോ;

## കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

(എച്ച്) ഇനിയെങ്കിലും സംസ്ഥാനത്തിൽ വിവിധ രംഗങ്ങളിൽ കഴിവു തെളിയിച്ചവരെ അതാത് സമയങ്ങളിൽ പത്മ പുരസ്കാരം നല്കുവാൻ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് ലിസ്റ്റ് നൽകുവാനും ആയത് ബൃഹത്തായ ലിസ്റ്റ് ആകാതിരിക്കുവാനും ശ്രദ്ധിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

മലയാളഭാഷയ്ക്ക് ക്ലാസിക്കൽ പദവി

1552 ശ്രീ. പാലോട് രവി
,, സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളത്തിന് ക്ലാസിക്കൽ പദവി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) ഇത് സംബന്ധിച്ച് കേന്ദ്രസാഹിത്യ അക്കാഡമി വിദഗ്ദ്ധ സമിതി രൂപവൽക്കരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തിന്റെ അഭിപ്രായങ്ങൾ കേൾക്കാൻ കേന്ദ്ര സമിതി സമ്മതിച്ചിട്ടുണ്ടോ;

(ഡി) ക്ലാസിക്കൽ പദവി ലഭിക്കുന്നതിന് എന്തെല്ലാം വാദങ്ങളാണ് സംസ്ഥാനം ഉന്നയിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഇ) കേന്ദ്ര സമിതി മുമ്പാകെ വാദം അവതരിപ്പിക്കുന്നത് ആരെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>വിശ്വമലയാള മഹോത്സവുമായി ബന്ധപ്പെട്ട വീഴ്ചകൾ</u>

1553 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിശ്വമലയാള മഹോത്സവുമായി ബന്ധപ്പെട്ടുണ്ടായ വീഴ്ചകളെ സംബന്ധിച്ച് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ആരെയാണ് ഇതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഡി) റിപ്പോർട്ടിന്മേൽ സ്വീകരിച്ച അനന്തര നടപടികൾ എന്തെല്ലാം; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>വിശ്വമലയാള മഹോത്സവത്തിന്റെ പ്രചരണാർത്ഥം സ്ഥാപിച്ച പ്രതിമകൾ</u>

1554 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിശ്വമലയാള മഹോത്സവത്തിന്റെ പ്രചരണാർത്ഥം സ്ഥാപിച്ച സാഹിത്യകാരന്മാരുടെ പ്രതിമകളിൽവന്ന ഗുരുതരമായ വീഴ്ചകളെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ആരാണ് അന്വേഷണം നടത്തിയത്; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടുപ്രകാരം ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ വിശദീകരണമില്ലാതെ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഇ) ഇതിലേയ്ക്കായി എന്ത് തുക ചെലവഴിച്ചു; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>വിശ്വമലയാള മഹോത്സവും</u>

1555 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിശ്വമലയാള മഹോത്സവം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ; വിശദമാക്കുമോ ;

(സി) എന്തെല്ലാം വിഷയങ്ങളും നിർദ്ദേശങ്ങളുമാണ് മഹോത്സവത്തിൽ ചർച്ച ചെയ്തത് ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>വിശ്വ മലയാള മഹോത്സവം നടത്തിപ്പിന്റെ ചെലവുകൾ</u>

1556 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിശ്വ മലയാള മഹോത്സവം നടത്തിയതിന് എന്ത് തുക ചെലവഴിച്ചു വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം പരിപാടികളാണ് നടത്തിയത്. ഓരോ പരിപാടിക്കും എന്ത് തുക ചെലവഴിച്ചിട്ടുണ്ട് പ്രത്യേകം പ്രത്യേകം വിശദമാക്കുമോ;

(സി) ഈ മഹോത്സവത്തിന് എന്തെല്ലാം പിഴവുകൾ സംഭവിച്ചു എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>വിശ്വമലയാള മഹോത്സവത്തിന് ചെലവഴിച്ച തുക</u>

1557 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിശ്വമലയാള മഹോത്സവത്തിനായി എന്ത് തുക ചെലവഴിച്ചു;

(ബി) പരസ്യ ഇനത്തിൽ ചെലവാക്കിയ തുക എത്ര; വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>കേരളകലാമണ്ഡലം</u>

1558 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയായി ഉയർത്തപ്പെട്ടെങ്കിലും യു. ജി. സി മാർഗ്ഗരേഖകൾക്കടി സ്ഥാനമായി അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരെ നിയമിച്ചിട്ടില്ലെന്ന പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങളും അവ പരിഹരിക്കുവാൻ സ്വീകരിച്ച മാർഗ്ഗങ്ങളും എന്തെല്ലാം;

(സി) നിലവിലുള്ള അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാർക്ക്
യു.ജി.സി നിരക്കിലുള്ള ശമ്പളവും ആനുകൂല്യങ്ങളും അനുവദിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; അനുവദിച്ചിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

വൈക്കം മുഹമ്മദ് ബഷീർ സ്മാരക സമിതി

1559 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കേന്ദ്രമായി രൂപീകരിച്ച വൈക്കം മുഹമ്മദ് ബഷീർ സ്മാരകസമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പുനഃസംഘടിപ്പിക്കുമോ; കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) വൈക്കം മുഹമ്മദ് ബഷീറിന്റെ സ്മരണ നിലനിർത്തുവാൻ എന്തെല്ലാം പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>പത്മനാഭപുരം കൊട്ടാരം</u>

1560

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കന്യാകുമാരിക്കടുത്ത് തക്കലയിൽ കേരള ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള പത്മനാഭപുരം കൊട്ടാരം മ്യൂസിയമായി പ്രവർത്തിക്കുന്നതു മൂലം സംസ്ഥാന സർക്കാരിന് പ്രതിവർഷം ലഭിക്കുന്ന വരുമാനം എത്രയാണ്; ഇതിൽ നിന്നും തമിഴ്നാട് സർക്കാരിന് എന്തെങ്കിലും വിഹിതമായി നൽകുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇവിടെ നിലവിൽ എത്ര ജീവനക്കാർ ഉണ്ട്; സ്ഥിരം ജീവനക്കാർ എത്ര; താല്ക്കാലിക ജീവനക്കാർ എത്ര; ജീവനക്കാരെ എപ്രകാരമാണ് നിയമിക്കുന്നത്; വിശദമാക്കുമോ;

(സി) കൊട്ടാരത്തിൽ സന്ദർശനത്തിന് എത്തുന്നവരുടെ ചെരിപ്പുകൾ സൂക്ഷിക്കുന്നതിന് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് രസീത് നൽകാറുണ്ടോ; രസീത് നൽകുന്നില്ലെങ്കിൽ പിരിച്ചെടുക്കുന്ന തുക എപ്രകാരം, ഏത് അക്കൗണ്ടിൽപ്പെടുത്തുമെന്ന് അറിയിക്കുമോ; നിയമപരമായി പണം പിരിക്കുന്നില്ലെങ്കിൽ പ്രസ്തുത വിവരം പരസ്യപ്പെടുത്തുമോ;

(ഡി) തക്കല കൊട്ടാരത്തിന്റെ ചരിത്ര പ്രാധാന്യം വിവരിച്ച് ഓരോ മേഖലയുടെ പ്രാധാന്യവും പ്രത്യേകതകളും ചിത്രങ്ങൾ സഹിതം രേഖപ്പെടുത്തിയ ലഘുലേഖകൾ കൊട്ടാരത്തിന്റെ കവാടത്തിൽത്തന്നെ സന്ദർശകർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>പുന്നയൂർക്കുളത്ത് കമല സുരയ്യ സ്മാരക മന്ദിര നിർമ്മാണം</u>

1561 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും**
**നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുന്നയൂർക്കുളത്ത് കമല സുരയ്യ സ്മാരകമന്ദിര നിർമ്മാണം ഏതു ഘട്ടത്തിലാണ് ; വ്യക്തമാക്കുമോ;

(ബി) സ്മാരകത്തിനായി എന്ത് തുക ഇതിനകം നൽകിയിട്ടുണ്ട്;

(സി) എന്ന് നിർമ്മാണം പൂർത്തികരിക്കുവാൻ സാധിക്കുമെന്നറിയിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>രാജാരവിവർമ്മ സ്മാരകം</u>

1562 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിളിമാനൂരിൽ നിർമ്മാണം പുരോഗമിക്കുന്ന രാജാരവിവർമ്മ സ്മാരക സമുച്ചയത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് ഇപ്പോൾ പൂർത്തീകരിച്ചിട്ടുളളത്; നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) രാജാരവിവർമ്മ സ്മാരക നിർമ്മാണവുമായി ബന്ധപ്പെട്ട് ലളിതകലാഅക്കാദമി കേന്ദ്രസർക്കാരിന് സമർപ്പിച്ച പദ്ധതിയിന്മേൽ ഇപ്പോൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നത് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>സുകുമാർ അഴീക്കോടിന് സ്മാരകം</u>

1563 ശ്രീ. എം.പി. വിൻസന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഇരവിമംഗലം ഗ്രാമീണ വായനശാലയ്ക്ക് സുകുമാർ അഴീക്കോട് സ്മാരക മന്ദിരം പണിയാൻ ഫണ്ട് അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാൻ സമ്പൂർണ്ണകൃതികൾ</u>

1564

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ 100-ാം ചരമ വാർഷികം സർക്കാർതലത്തിൽ ആചരിക്കുന്നതിന് പരിപാടികൾ സംഘടിപ്പിച്ചിരുന്നുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) മഹാകവിയുടെ കൃതികൾ, ഇന്ന് പുസ്തകശാലകളിൽ ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ മഹാകവിയുടെ സമ്പൂർണ്ണകൃതികൾ ലഭ്യമാക്കുവാൻ തയ്യാറാകുമോ;

(സി) കവിയുടെ 100-ാം ചരമവാർഷിക വർഷത്തിൽ തന്നെ സമ്പൂർണ്ണ കൃതികൾ സർക്കാർ മുൻകയ്യെടുത്ത് പ്രസിദ്ധീകരിക്കുമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>പെരിയാറിന്റെ തീരത്തെ പുരാവസ്തുക്കളുടെ സംരക്ഷണം</u>

1565 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരിയാറിന്റെ തീരത്തെ പുരാവസ്തുക്കൾ സംരക്ഷിക്കുന്നതു സംബന്ധിച്ച് 3846/ബി/2007/സി.എ.ഡി. നമ്പർ ഫയലിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ചുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് വിവിധമേഖലകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെ പകർപ്പ് നൽകുമോ;

(ഡി) ഇനി എന്തെങ്കിലും റിപ്പോർട്ടുകൾ ഇതു സംബന്ധിച്ച് ലഭിക്കാനുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) ഈ പ്രദേശത്തുള്ള ഭൂതത്താൻകെട്ട് ടൂറിസം കേന്ദ്രത്തിലെ പുരാവസ്തുശേഖരം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ;

(എഫ്) ഭൂതത്താൻകെട്ട് ടൂറിസം മേഖലയിലെ പുരാവസ്തുശേഖരം സംബന്ധിച്ചു ലഭ്യമായിട്ടുള്ള റിപ്പോർട്ടിന്റെ പകർപ്പ് നൽകുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>വയലായിൽ നാടക ഗവേഷണ പഠന സ്ഥാപനം</u>

1566 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വയലാ വാസുദേവൻപിള്ള ഫൗണ്ടേഷന്റെ നേതൃത്വത്തിൽ ഒരു നാടക ഗവേഷണ പഠന സ്ഥാപനം വയലായിൽ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് തയ്യാറാകുമോ?

## കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ സാംസ്കാരിക സംഘടനകൾ</u>

1567 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ എത്ര സാംസ്കാരിക/സന്നദ്ധ സംഘടനകൾ/സ്ഥാപനങ്ങൾ/ക്ലബ്ബുകൾ/ലൈബ്രറികൾ ഉണ്ട്; അത് ഏതെല്ലാം ; എവിടെയെല്ലാം ഏതേത് പഞ്ചായത്തുകളിൽ/വാർഡുകളിൽ സ്ഥിതി ചെയ്യുന്നു; വിശദമായ പട്ടിക ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>സാംസ്കാരിക സ്ഥാപനങ്ങളിലെ ഒഴിവുകൾ</u>

1568 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള വിവിധ സാംസ്കാരിക സ്ഥാപനങ്ങളിൽ വിവിധ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഒഴിവുകളിൽ സ്ഥിരം നിയമനം നടത്തുവാൻ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഇല്ലെങ്കിൽ നിയമനത്തിന് നടപടികൾ സ്വീകരിക്കുമോ;

(സി) വിവിധ സാംസ്കാരിക സ്ഥാപനങ്ങളിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര താൽകാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശം അറിയിക്കുമോ;

(ഡി) എങ്കിൽ നിയമനം നല്കിയ താൽകാലിക ജീവനക്കാരുടെ എണ്ണം സ്ഥാപനങ്ങൾ തിരിച്ച് നല്കുമോ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>കലാകാര പെൻഷൻ</u>

1569 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച കലാകാര പെൻഷൻ പദ്ധതി ഇപ്പോൾ പ്രാവർത്തികമാണോ;

(ബി) കലാകാരന്മാർക്ക് നിയമനുസൃതമായി പെൻഷൻ നല്കി വരുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കലാകാരന്മാർക്കുള്ള പെൻഷൻ തുടർന്ന് നല്കുവാൻ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

**കലാകാരൻമാർക്കുള്ള പെൻഷൻ അപേക്ഷ**

1570 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചേളന്നൂർ പഞ്ചായത്തിലെ ശ്രീമതി. രത്നമ്മമാധവൻ കലാകാരന്മാർക്കുള്ള പെൻഷന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പെൻഷൻ നൽകാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

പി.ആർ.ഡി പുറത്തിറക്കിയ ലഘുലേഖകൾ

T1571 ശ്രീ. എം.ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷനേയും തസ്തിക വെട്ടിക്കുറയ്ക്കലടക്കമുള്ള നടപടികളേയും ചെലവു ചുരുക്കലിന്റെ പേരിൽ ന്യായീകരിക്കുന്നതിനായി ഈ സർക്കാർ പി.ആർ.ഡി മുഖേന പരസ്യങ്ങളും ലഘുലേഖകളും പുറത്തിറക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ലഘുലേഖകൾ അച്ചടിച്ചിട്ടുണ്ടെന്നും, എത്ര പരസ്യങ്ങൾ നൽകിയിട്ടുണ്ടെന്നും ഇതിനായി സംസ്ഥാന ഖജനാവിൽ നിന്നും എന്തു തുക ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

**സാംസ്കാരിക വകുപ്പിലെ പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയല്ലാത്ത നിയമനങ്ങൾ**

1572 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖാന്തിരമല്ലാതെ സാംസ്കാരിക വകുപ്പിലും അതിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും നിയമനം നൽകി സ്ഥിരപ്പെടുത്തിയിട്ടുള്ള എത്ര ജീവനക്കാർ നിലവിലുണ്ട്; സ്ഥാപനം തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ;

(ബി) ഇവരിൽ പെൻഷൻപ്പറ്റിയവർക്ക് പെൻഷൻ ഇനത്തിൽ എത്ര കോടി രൂപ സംസ്ഥാന സർക്കാർ ചെലവഴിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

ദൃശ്യമാധ്യമങ്ങളിൽ പുകവലി, മദ്യപാനം എന്നിവയെ മഹത്വൽക്കരിക്കുന്നത്

1573 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, എൻ. എ. നെല്ലിക്കുന്ന്
,, സി. മമ്മുട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദൃശ്യമാധ്യമങ്ങളിൽ പുകവലി, മദ്യപാനം എന്നിവയെ മഹത് വത്കരിക്കുന്ന തരത്തിലോ, പ്രേക്ഷകരെ സ്വാധീനിക്കുന്ന തരത്തിലോ ഉള്ള രംഗങ്ങൾ പ്രദർശിപ്പിക്കുന്നതിന് വിലക്കുകളോ നിയന്ത്രണമോ നിലവിലുണ്ടോ; എങ്കിൽ ആയത് പരിശോധിക്കുവാനും നടപടി സ്വീകരിക്കുവാനും നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കുമോ;

(ബി) മദ്യപാനം പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ മദ്യപാന രംഗങ്ങൾ ഉൾക്കൊള്ളിച്ച പരിപാടികൾ ദൃശ്യമാധ്യമങ്ങൾ പ്രക്ഷേപണം ചെയ്തുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ എന്ത് നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(സി) 2011–12 വർഷത്തിൽ ആയതിന് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**11.02.2013–ലെ മറുപടിക്ക്**

<u>ദൃശ്യ–അച്ചടി മാധ്യമ പരസ്യം</u>

T1574 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കോടി രൂപയുടെ പരസ്യം ദൃശ്യ–അച്ചടി മാധ്യമങ്ങൾക്ക് നൽകിയിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി. ആർ. ഡി. വഴി ഏതെല്ലാം പ്രസിദ്ധീകരണങ്ങളാണ് അച്ചടിച്ച് ഇറക്കിയിട്ടുളളത്;

(സി) ഇതിന് ആകെ എന്തു തുക ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

പരസ്യ ഇനത്തിൽ ചെലവായ തുക

T 1575 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പി. ആർ. ഡി. വഴിയും വകുപ്പുകൾ നേരിട്ടും പരസ്യഇനത്തിൽ ചെലവഴിച്ച ആകെ തുക എത്രയെന്ന് വിശദമാക്കുമോ ; പി. ആർ. ഡി. വഴി എത്ര ; വകുപ്പുകൾ വഴി എത്ര ;

(ബി) പി.ആർ.ഡി.യും മറ്റ് വകുപ്പുകളും പ്രസ്തുത കാലയളവിൽ നല്കിയ പരസ്യഇനത്തിൽ ഇനിയും കൊടുത്ത് തീർക്കുവാനുള്ള ആകെ തുക എത്ര ;

(സി) പി.ആർ.ഡി.യും വകുപ്പുകളും അതിൻ കീഴിലുള്ള സ്ഥാപനങ്ങളും പരസ്യഇനത്തിൽ എത്ര ഓർഡറുകൾ റിലീസ് ചെയ്തിട്ടുണ്ട് ; റിലീസ് ചെയ്യപ്പെട്ട പരസ്യ ഓർഡറുകൾക്ക് ആകെ എന്ത് തുക ചെലവ് വരുന്നതാണെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>പരസ്യങ്ങളുടെ പ്രസിദ്ധീകരണം</u>

T1576 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം 31.01.2013 വരെ എത്ര പരസ്യങ്ങൾ പി.ആർ.ഡി വഴി പ്രസിദ്ധീകരിച്ചിട്ടുണ്ട്;

(ബി ഓരോ വകുപ്പിനുവേണ്ടിയും പ്രസിദ്ധീകരിച്ച പരസ്യത്തിന്റെ കണക്ക് പ്രത്യേകം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പരസ്യങ്ങൾക്കായി ആകെ ചെലവഴിച്ച തുക എത്ര ;

(ഡി) ദൃശ്യ–ശ്രാവ്യ–അച്ചടി രംഗത്തെ ഏതൊക്കെ മാധ്യമങ്ങൾക്ക് എത്ര തവണ പരസ്യം നൽകി; ഓരോ മാധ്യമത്തിനും നൽകിയ തുക എത്ര; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ്സ് കമ്മ്യൂണിക്കേഷൻ</u>

1577 ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ്സ് കമ്മ്യൂണിക്കേഷന്റെ സെന്റർ ആരംഭിച്ചിട്ടുണ്ടോ;

(ബി) സെന്ററിൽ ഈ അദ്ധ്യായനവർഷം ക്ലാസ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) അദ്ധ്യായനം നടത്തുന്നതിന് എവിടെയാണ് സൗകര്യമൊരുക്കിയിട്ടുള്ളത്;

(ഡി) ഏതെല്ലാം കോഴ്സുകളാണ് സെന്റർവഴി നടത്തുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>പ്രവാസി മലയാളികളുടെ കണക്ക് ശേഖരിക്കൽ</u>

1578 ശ്രീ. ഷാഫി പറമ്പിൽ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടെ കൃത്യമായ കണക്ക് ശേഖരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് കണക്കെടുപ്പ് നടത്തുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>പ്രവാസി ക്ഷേമനിധി വിഹിതം</u>

1579 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്ജ്
,, എം.വി. ശ്രേയാംസ് കുമാർ
ഡോ: എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസിക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്ഷേമനിധിയിലേക്കുള്ള വിഹിതം ഏതെല്ലാം ബാങ്കുകളിൽനിക്ഷേപിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്; വിശദമാക്കാമോ;

(സി) പ്രവാസികളുടെ സൗകര്യം കണക്കിലെടുത്ത് മറ്റ് ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിലും ഈ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>പ്രവാസിമലയാളികൾക്കായി ആഗോള ഉപദേശകസമിതി</u>

1580 ശ്രീ. പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസിമലയാളികൾ നേരിടുന്ന പ്രശ്നങ്ങളും ആശങ്കകളും പരിഹരിക്കാൻ ആഗോള ഉപദേശകസമിതി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉപദേശകസമിതിയുടെ പ്രധാനലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) സമിതിയുടെ പ്രവർത്തനമേഖലകൾ എന്തെല്ലാം;

(ഡി) ഇതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന പ്രാരംഭനടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>പൊതുമാപ്പ് ലഭിച്ച മലയാളികളെ നാട്ടിലെത്തിക്കാൻ നടപടി</u>

1581 ശ്രീ. ഹൈബി ഈഡൻ
,, പി. എ. മാധവൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യു. എ. ഇ. യിൽ പൊതുമാപ്പ് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ പൊതുമാപ്പ് ലഭിച്ച മലയാളികളെ നാട്ടിലെത്തിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏത് ഏജൻസിയുടെ മേൽനോട്ടത്തിലാണ് ഇതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് സംബന്ധിച്ച ആരെല്ലാമായി ചർച്ച നടത്തിയാണ് നടപടികൾ സ്വീകരിക്കുന്നത്;

(ഡി) മലയാളികളെ തിരികെ നാട്ടിലെത്തിക്കാൻ വേണ്ട ചെലവ് ആരാണ് വഹിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>വിദേശ രാജ്യങ്ങളിൽ ജയിൽ ശിക്ഷ അനുഭവിക്കുന്ന മലയാളികൾ</u>

1582 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശ മലയാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ എത്ര മലയാളികൾ അകപ്പെട്ടിട്ടുണ്ട്; ഇവർ ഏതൊക്കെ കുറ്റങ്ങൾക്കാണ് ജയിലിലടയ്ക്കപ്പെട്ടത് എന്ന് അറിയുമോ;

(സി) ജയിലിലടയ്ക്കപ്പെട്ട മലയാളികളുടെ ബന്ധുക്കളിൽ നിന്നും എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്; ആരിൽ നിന്നൊക്കെയാണ് നിവേദനങ്ങൾ ലഭിച്ചത് ; വ്യക്തമാക്കുമോ;

(ഡി) ഇവരുടെ മോചനത്തിനായി സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും എന്തൊക്കെ കാര്യങ്ങൾ ചെയ്തു; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>വിദേശരാജ്യങ്ങളിൽ ജയിൽ ശിക്ഷ അനുഭവിക്കുന്നവർക്ക് മോചനം</u>

1583 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൾഫ് നാടുകൾ ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ പിടിക്കപ്പെട്ട് ജയിൽ ശിക്ഷ അനുഭവിച്ചുവരുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തടവുകാരെ മോചിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെ ഇടപെടലുകൾ കൊണ്ടുമാത്രം ധാരാളം കേരളീയരെ ജയിൽ മോചിതരാക്കാൻ കഴിയും എന്ന കാര്യം ശ്രദ്ധയിലുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>പ്രവാസി മലയാളികൾക്കുള്ള ക്ഷേമപദ്ധതികൾ</u>

1584 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും**
**നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

നോർക്ക വകുപ്പിനു കീഴിൽ പ്രവാസി മലയാളികൾക്ക് എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>പ്രവാസി മലയാളി ക്ഷേമനിധി അംഗത്വം</u>

1585 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളീയരായ പ്രവാസികളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ; വ്യക്തമാക്കുമോ;

(ബി) പ്രവാസി മലയാളികളിൽ നിന്നും സംസ്ഥാനത്തേയ്ക്ക ബാങ്ക്/ബാങ്കിതര ഇടപാടുകൾ മുഖേന വരുന്ന പണമെത്ര; പ്രതിവർഷം എത്ര കോടി രൂപ വരും; വ്യക്തമാക്കുമോ;

(സി) പ്രവാസി ക്ഷേമനിധി അംഗത്വത്തിന് നിലവിലുള്ള വ്യവസ്ഥകൾ/മാനദണ്ഡങ്ങൾ എന്തെല്ലാം;

(ഡി) പ്രസ്തുത വ്യവസ്ഥകൾ പ്രകാരം 55 വയസ് പൂർത്തിയായവരെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നത് അനുവദനീയമാണോ എന്നത് വ്യക്തമാക്കുമോ; അല്ലെങ്കിൽ 55 വയസ് പൂർത്തിയായവരെകൂടി ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ;

(ഇ) ഗൾഫ് മലയാളികളുടെ ക്ഷേമത്തിനായി മുൻ സർക്കാർ കേന്ദ്ര സർക്കാർ മുൻപാകെ സമർപ്പിച്ച ഗൾഫ് മലയാളി പുനരധിവാസ പാക്കേജ് നടപ്പിലാക്കി കിട്ടാൻ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>പ്രവാസി മലയാളികൾക്കായി പുനരധിവാസ പദ്ധതി</u>

1586 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശത്തുനിന്നും മടങ്ങിയെത്തുന്ന പ്രവാസി മലയാളികളുടെ പുനരധിവാസത്തിനായി പുതിയ പദ്ധതി ആവിഷ്കരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) നോർക്ക റൂട്ട്സുമായി ബന്ധപ്പെട്ട് മടങ്ങിയെത്തുന്ന പ്രവാസികൾക്കായി പുനരധിവാസ പദ്ധതികൾ നിലവിലുണ്ടോ;

(സി) പുനരധിവാസ പദ്ധതി പരിഗണനയിലുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>സാന്ത്വനം പദ്ധതി</u>

1587 ശ്രീ. സി. പി. മുഹമ്മദ്
,, വര്‍ക്കല കഹാര്‍
,, പാലോട് രവി
,, കെ. ശിവദാസന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാന്ത്വനം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം;

(ബി) പ്രവാസി മലയാളികള്‍ക്ക് എന്തെല്ലാം ക്ഷേമ പ്രവര്‍ത്തനങ്ങളാണ് ഈ പദ്ധതി വഴി ലഭിക്കുന്നത്; വിശദമാക്കുമോ;

(സി) എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളുമാണ് ഈ പദ്ധതി വഴി ലഭിക്കുന്നത്;

(ഡി) ഈ സര്‍ക്കാരിന്റെ കാലത്ത് ഈ പദ്ധതിപ്രകാരമുള്ള ധനസഹായം വര്‍ദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ അറിയിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>സാന്ത്വനം പദ്ധതി</u>

1588 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സാന്ത്വനം പദ്ധതി പ്രകാരം എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകി; എത്ര രൂപയാണ് ഇതിനായി ചെലവഴിച്ചത്?

(ബി) കാരുണ്യം പദ്ധതി പ്രകാരം എത്ര മൃതദേഹങ്ങൾ വിദേശത്ത് നിന്നും നാട്ടിലെത്തിച്ചു;

(സി) നോർക്കയിൽ ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്;

(ഡി) താൽകാലികാടിസ്ഥാനത്തിൽ എത്ര ജീവനക്കാരെ നിയമിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>സ്വപ്നസാഫല്യം പദ്ധതി</u>

1589 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്വപ്നസാഫല്യം പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; ഈ പദ്ധതി എന്ന് മുതൽ നടപ്പാക്കി; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

60 വയസ്സുകഴിഞ്ഞ പ്രവാസികൾക്ക് നോർക്ക മുഖേന പെൻഷൻ

1590 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 60 വയസ്സുകഴിഞ്ഞ പ്രവാസികൾക്ക് നോർക്ക മുഖേന പെൻഷൻ അനുവദിക്കുന്നുണ്ടോ;

(ബി) നോർക്ക-റൂട്ട്സ് ആസ്ഥാന മന്ദിരം ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ച പ്രവാസി പെൻഷൻ പദ്ധതിയുടെ പുരോഗതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>പ്രവാസി ഭാരതീയ ദിവസ് നടത്തിയതിന്റെ വിശദാംശം</u>

1591 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി ഭാരതീയ ദിവസ് സംസ്ഥാനത്ത് നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സമ്മേളനത്തിന്റെ മൂലവിഷയങ്ങളും പ്രധാന ചർച്ചാവിഷയവും എന്തെല്ലാമായിരുന്നു; വിശദമാക്കുമോ;

(സി) വിവിധ മേഖലകളിൽ വിദേശ മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ, സംസ്ഥാനത്തെ അവസരങ്ങൾ, സുരക്ഷിതമായ നിക്ഷേപ സാഹചര്യം തുടങ്ങിയവ ചർച്ചാ വിഷയമാക്കിയോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>പ്രവാസി ഭാരതീയ ദിവസ് ആഘോഷങ്ങൾ</u>

1592 ശ്രീ. കെ. വി.അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി ഭാരതീയ ദിവസ് ആഘോഷങ്ങളിൽ നിന്ന് പ്രതിപക്ഷ നേതാവിനെയും പ്രതിപക്ഷ ഉപനേതാവിനെയും ഒഴിവാക്കിയത് എന്ത്കൊണ്ടാണ് ;

(ബി) പ്രോട്ടോക്കോൾ മര്യാദകൾ ലംഘിച്ചുകൊണ്ട് ജനുവരി 7 ന്റെ ഗൾഫ് സെഷനിൽ ഒരു പ്രത്യേക സംഘടനയുടെ നേതാവിനെ മാത്രം വേദിയിൽ പ്രത്യേക ഇരിപ്പിടം നൽകിയതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രവാസി ഭാരതീയ ദിവസിന് സംസ്ഥാന സർക്കാർ എത്ര തുകയാണ് ചെലവഴിച്ചത് ;

(ഡി) കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം ആകെ എത്ര തുകയാണ് ആഘോഷങ്ങൾക്കായി അനുവദിച്ചതെന്നറിയിക്കുമോ ?